

# രക്ഷകനായ

# ദൈവം

2

**സീറോ മലബാർ സഭയുടെ വിശ്വാസ**

**പരിശീലന പാഠാവലി.**

## പാഠം 10

# ഈശോയും ശിഷ്യന്മാരും



സമയം പൂർത്തിയായി ദൈവരാജ്യം
സമീപിച്ചിരിക്കുന്നു. അനുതപിച്ചു
സുവിശേഷത്തിൽ വിശ്വസിക്കുവിൻ.

പിതാവായ ദൈവം ഈശോയിലൂടെ

നമുക്കു നൽകിയ രക്ഷയുടെ

വാർത്തയാണു സുവിശേഷം

## ഈശോ സുവിശേഷം പ്രസംഗിക്കുക മാത്രമല്ല ചെയ്തത്.

അവിടുന്ന്
രോഗികളെ
സുഖപ്പെടുത്തി.

വിശക്കുന്നവർക്ക്
ആഹാരം നൽകി.

മരിച്ചവരെ
ഉയിർപ്പിച്ചു.

പത്രോസ്

യാക്കോബv

യോഹന്നാൻ

അന്ത്രയോസ്

പീലിപ്പോസ്

ബർത്തലോമിയ



മത്തായി

ഹെൽപൈയുടെ പുത്രൻ
യാക്കോബ്

തോമാ

തദേവൂസ്

ശിമയോൻ

യൂദാസ്കറിയോത്ത

ഈശോ ശിഷ്യന്മാർക്ക്

ഒരു കല്പന നൽകി.

“സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നുവെന്നു പ്രസംഗിക്കുവിൻ. രോഗികളെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കുകയും കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും ചെയ്യുവിൻ’ .

**നമ്മുടെ ജീവിതം വഴി**
**മറ്റുള്ളവർക്ക് ഈശോയെ**
**കാണിച്ചുകൊടുക്കാം.**





# നമുക്കുപ്രാർത്ഥിക്കാം

**ഞങ്ങളുടെ പിതാവായ ദൈവമേ,**

**സുവിശേഷം അനുസരിച്ചു ജീവിക്കുവാൻ**

**ഞങ്ങളെ അനുഗ്രഹിക്കണമേ..**

# നമുക്ക് അനുകരിക്കാം

ഈശോയുടെ സുവിശേഷം അറിയിച്ച മാർതോമാശ്ലീഹായെ പോലെ ഞാനും ഈശോയുടെ സ്നേഹത്തെക്കുറിച്ച് എന്റെ കൂട്ടുകാരോടു പറയും...

# ബോധ്യങ്ങൾ

* ദൈവം ഈശോവഴി നമുക്കു നൽകിയ രക്ഷയുടെ വാർത്തയാണു സുവിശേഷം.

* ഈശോയ്ക്കു വേി ഈശോയുടെ ദൗത്യം തുടരുന്നവരാണു ശിഷ്യന്മാർ.

* ഈശോ പ്രത്യേകം തിരഞ്ഞെടുത്തവരാണ് 12 ശിഷ്യന്മാർ. ക്രിസ്ത്യാനികളായ നാമും ഈശോയുടെ ശിഷ്യരാണ്.



# മനോഭാവങ്ങൾ

- * ഈശോ പഠിപ്പിച്ച കാര്യങ്ങൾ നാം അനുസരിക്കണം. ഈശോ കരുണകാണിച്ചതുപോലെ നാമും കരുണ കാണിക്കണം.

- * ഈശോ നമുക്കു നൽകിയ സുവിശേഷം നാം മറ്റുള്ളവരെ അറിയിക്കണം.



## ശീലങ്ങൾ

* ഈശോയെക്കുറിച്ച് കൂട്ടുകാരോട് പറയുക.

* മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സഹായിക്കുക.




THANK
YOU